ചെക്ക്പോസ്റ്റ് വിവരങ്ങൾ, വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ, റെയിൽവേ പോർട്ട് വഴി ചരക്കുകൾ കൊണ്ടുവന്ന വിവരങ്ങൾ എന്നിവയിലൂടെ ലഭ്യമാകുന്ന വിശദാംശങ്ങൾ സംയോജിപ്പിച്ച് ഓരോ മേഖലയിലുള്ള (വാങ്ങലുകളും വിൽപനകളും, അധികമായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, നികുതി ഇളവുകൾ/ഒഴിവുകൾ) വിവരങ്ങൾ സ്വയം നികുതി നിർണ്ണയം നടത്തിയ റിട്ടേണുമായി താരതമ്യപ്പെടുത്തി വ്യത്യാസം വരുന്ന സംഖ്യകൾ ഓരോ ശീർഷകത്തിലുമായി മോഡ്യൂൾ വഴി രൂപപ്പെടുത്തിയ നോട്ടീസിൽ കാണിക്കുകയുണ്ടായി. ഇത് ഉദ്യോഗസ്ഥർ സ്വയം വിശകലനം ചെയ്ത ശേഷമേ വ്യാപാരികൾക്ക് നൽകാവൂ എന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നോട്ടീസുകളിൽ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വ്യാപാരികൾക്ക് മറുപടി നൽകുവാൻ ഹിയറിംഗിനുള്ള അവസരവും ലഭ്യമാക്കിയിട്ടുണ്ട്.

## പെട്രോൾ-ഡീസൽ വില വർദ്ധനയും അധിക വരുമാനവും

82(3513) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോൾ-ഡീസൽ വില വർദ്ധനയുടെ ഭാഗമായി കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിനുണ്ടായ അധികവരുമാനവും നൽകിയ നികുതിയിളവും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പെട്രോൾ-ഡീസൽ വിലവർദ്ധനവിന്റെ ഭാഗമായി കഴിഞ്ഞ 10 വർഷക്കാലയളവിൽ സംസ്ഥാന സർക്കാരിനുണ്ടായ അധികവരുമാനത്തിന്റെയും നൽകിയ നികുതിയിളവിന്റെയും സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ജി.എസ്.ടി. -യിൽ ഇളവ്

83(3514) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാരണം കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് ഏകദേശം 25000 കോടി രൂപയുടെ നഷ്ടം സംഭവിച്ചു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly